# കവിയരങ്ങ് സംഘടിപ്പിച്ചു

കൊല്ലം: കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ടിന്റെ പുസ്തകോത്സവത്തിന്റെ ഭാഗമായി പബ്ലിക് ലൈബ്രറി ഹാളിൽ സംഘടിപ്പിച്ച കവിയരങ്ങ് കുരീപ്പുഴ ശ്രീകുമാർ ഉദ്ഘാടനം ചെയ്തു.ചവറ കെ.എസ്.പിള്ള അധ്യക്ഷത വഹിച്ചു. കവികളായ നൗഷാദ് പത്തനാപുരം, ഗണപൂജാരി, ജി.ഉത്തരക്കുട്ടൻ, അനിൽ ചൂരയ്ക്കാടൻ, അനീഷ് ദേവരാജൻ, ബിന്ദു കമലൻ, ദീപു ആർ.എസ്.ചടയമംഗലം എന്നിവർ കാവ്യാലാപനം നടത്തി. കവികളായ ഡോ.ബിജു ബാലകൃഷ്ണൻ സ്വാഗതവും കുറ്റിയാണിക്കാട് ദിലീപ് നന്ദിയും പറഞ്ഞു. എട്ടുവരെ നടക്കുന്ന പുസ്തകോത്സവത്തിന്റെ ഭാഗമായി സെമിനാർ, സാംസ്കാരിക സമ്മേളനം എന്നിവയും സംഘടിപ്പിക്കുന്നുണ്ട്.